പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **135**

09-03-2015 – ൽ മറുപടിയ്ക്ക്

**<u>മീനാകുമാരി റിപ്പോർട്ട് മൂലം പരമ്പരാഗത</u>**

**<u>മത്സ്യ തൊഴിലാളികൾക്കുണ്ടായിരിക്കുന്ന ആശങ്ക</u>**

ചോദ്യം

ഉത്തരം

| | **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും<br>വകുപ്പ് മന്ത്രി** |
|---|---|---|---|
| എ) | മീനാകുമാരി റിപ്പോർട്ട് മറയാക്കി ആഴക്കടൽ - പുറം കടൽ മേഖലകൾ വിദേശ മത്സ്യ കപ്പലുകൾക്ക് തുറന്ന് കൊടുക്കുന്നത് മൂലം പരമ്പരാഗത മത്സ്യ തൊഴിലാളികൾക്കുണ്ടായിരിക്കുന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത് സംബന്ധിച്ച മീനാകുമാരി റിപ്പോർട്ടിന്റെ കോപ്പി ലഭിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ; | ബി | മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിന്റെ കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| സി) | കേരളത്തിന്റെ ആശങ്ക കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) | മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ പല ശുപാർശകളും കേരളത്തെ ദോഷകരമായി ബാധിക്കും എന്നുള്ള വിവരം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും റിപ്പോർട്ട് തള്ളിക്കളയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടു ണ്ട്. കൂടാതെ കേരളത്തിൽ നിന്നുള്ള എം.പി-മാരോടും ഈ വിഷയത്തിൽ ഇടപെടുന്നതിനും റിപ്പോർട്ട് നടപ്പാക്കാതിരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിനും അഭ്യർത്ഥിച്ചിട്ടു ണ്ട്. |
| ഡി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ നിലനിറുത്തുന്നതിനാണ് ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. |

Jayasree

**സെക്ഷൻ ഓഫീസർ**

**അനുബന്ധം** ലൈബ്രറിയിൽ ലഭ്യമാണ്